പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവന്തപുരം.

സി.ജി&എ.സി/4515/2022/ഹ.സെ.വ

തീയതി: 13/01/2022

# സർക്കുലർ

വിഷയം: പൊ.വി.വ-ഹ.സെ.വി-സി.ജി&എ.സി- ഹയർ സ്റ്റഡീസ് വെർച്വൽ എക്സ്പോ - ദിശ - 2021-22 സംഘടിപ്പിക്കുന്നത്

സൂചന: G.O (Rt)No.3151/2021/GEDN Dated:26/06/2021

പൊതു വിദ്യാഭ്യാസ വകുപ്പ്, കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസലിംങ് സെല്ലിന്റെ നേതൃത്വത്തിൽ ദിശ - ഹയർ സ്റ്റഡീസ് എക്സ്പോ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കായി ഇന്ത്യയിലെ പ്രീമിയർ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ വർഷവും നടത്തിവരുന്നു. കോവിഡ് 19 ന്റെ സാഹചര്യത്തിൽ പ്രീമിയർ സ്ഥാപനങ്ങളെയും ഓരോ മേഖലയിലെയും വിദഗ്ധരുടെയും ക്ലാസ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് 2022 ജനുവരി 17 മുതൽ 24 വരെ വൈകുന്നേരം 7.00 മുതൽ 8.30 വരെ വെർച്വൽ പ്ലാറ്റ്ഫോമിലൂടെ DISHA Higher Studies Expo2022 നടത്തപ്പെടുന്നു. **ബഹു.പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടി** അവർകൾ ജനുവരി 17 വൈകുന്നേരം 5.30 ന് വെർച്വൽ പ്ലാറ്റ്ഫോമിലൂടെ ഉത്ഘാടനം നിർവ്വഹിക്കുന്നതാണ്.

ZOOM പ്ലാറ്റ്ഫോമിലൂടെ നടത്തുന്ന പ്രോഗ്രാം കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസലിംങ് സെല്ലിന്റെ യൂട്യൂബ് ചാനലിലൂടെയും (CGAC) വിദ്യാർത്ഥികൾക്കും കരിയർ ഗൈഡുമാർക്കും പങ്കെടുക്കാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നു. വിദ്യാർത്ഥികളുടെ അഭിരുചിക്കും താൽപര്യങ്ങൾക്കുമനുസരിച്ചുള്ള തുടർപഠന മേഖലയിലെ സെഷൻ ഏതു ദിവസമാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്, ആ ദിവസം മേൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ കരിയർ ഗൈഡുമാരും അദ്ധ്യാപകരും ശ്രദ്ധിക്കേണ്ടതാണ്. ഓരോ സ്കൂളിലേയും ഏതൊക്കെ വിദ്യാർത്ഥികൾ ഓരോ സെഷനിലും പങ്കെടുക്കുന്നു എന്ന വിവരം ശേഖരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

എല്ലാ സ്കൂളുകളിലേയും കരിയർ ഗൈഡുമാരും അതാത് മേഖലയിൽ അഭിരുചിയുള്ള വിദ്യാർത്ഥികളും പ്രസ്തുത പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നുണ്ട് എന്നത് പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തേണ്ടതാണ്. പ്രോഗ്രാമിന്റെ ഷെഡ്യൂൾ ചുവടെ ചേർത്തിരിക്കുന്നു.

# Schedule of Class for DISHA EXPO -2021-22

| തീയതി | വിഷയം | ഉത്ഘാടനം |
|---|---|---|
| 17/01/2022 | ഭിന്നശേഷി - വെല്ലുവിളി കളും സാധ്യതകളും | ശ്രീ.ഗോപിനാഥ് മുതുകാട് |
| 18/01/2022 | വിദേശ പഠനവും അവസരങ്ങളും | ശ്രീ.മുരളി തുമ്മാരുകുടി<br>Disaster Management Head, UN |
| 19/01/2022 | സിനിമയും പുതിയ പരീക്ഷണങ്ങളും | ശ്രീ.പ്രേംചന്ദ്, Film Jury Member<br>ശ്രീ.ബേസിൽ ജോസഫ്<br>Film Director |
| 20/01/2022 | എഞ്ചിനീറിംഗ്-മാറ്റങ്ങളുടെ വഴികളിൽ | Dr. K.G.സുരേഷ്കുമാർ<br>HOD, Physics, IIT Bombay |
| 21/01/2022 | ഇന്ത്യയിലെ പ്രിമിയർ (Premier Educational Institutions) വിദ്യാഭ്യാസ സ്ഥാപനങ്ങൾ | Dr. ദീപക് ജോൺ മാത്യു<br>HOD, Design Department<br>IIT Hyderabad |
| 22/01/2022 | ആരോഗ്യ മേഖലയിലെ തൊഴിൽ സാധ്യതകൾ | Dr. വി.ഉണ്ണികൃഷ്ണൻ<br>Vice Principal,<br>Govt.Medical College, Thrissur. |
| 23/01/2022 | കോമേഴ്സും മാനേജ്മെന്റും - തൊഴിൽ സാധ്യതകൾ | ശ്രീ റെജീസ്.വി.ജോസ്<br>Vice President<br>Standard Charted Bank |
| 24/01/2022 | സിവിൽ സർവ്വീസ് | ശ്രീ.ജീവൻ ബാബു.കെ IAS<br>പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ |

ദിശ - ഹയർ സ്റ്റഡീസ് എക്സ്പോ 2022 ZOOM പ്ലാറ്റ്ഫോം വഴി പങ്കെടുക്കുന്നതിന് ചുവടെ ചേർത്ത ലിങ്ക് ഉപയോഗിക്കാവുന്നതാണ്.

**Zoom link :**
https://us02web.zoom.us/j/86355698662?pwd=L2g0c204cGdIWWZzUlRCSktDeWdnQT09

Zoom ID: 86355698662

Passcode: DISHA

ഇതോടൊപ്പം "CG&AC" യൂട്യൂബ് ചാനൽ വഴിയും ലഭ്യമാണ്. (YouTube live :CGAC)

ദിശ - ഹയർ സ്റ്റഡീസ് എക്സ്പോ 2022 മുഴുവൻ വിദ്യാർത്ഥികളുടെയും കരിയർ ഗൈഡുമാരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ കരിയർ ഗൈഡുമാരുടെയും ഒരു ഓൺലൈൻ യോഗം ചുവടെ ചേർത്ത ഷെഡ്യൂൾ പ്രകാരം ZOOM പ്ലാറ്റ്ഫോം വഴി നടത്തപ്പെടുന്നു.

| District | Date | Time | Venue |
|---|---|---|---|
| Career Guides of Thiruvananthapuram to Eranakulam | 14/01/2022 | 2.30 pm to 3.30 pm | Online ZOOM Platform |
| Career Guides of Thrissur to Kasarcode | 14/01/2022 | 3.30 pm ti 4.30 pm | " |

മീറ്റിംഗിന്റെ ലിങ്ക് ചുവടെ ചേർക്കുന്നു.

**Zoom link :**
**https://us02web.zoom.us/j/86355698662?pwd=L2g0c204cGdIWWZzUlRCSktDeWdnQT09**

സംസ്ഥാനത്തെ എല്ലാ കരിയർ ഗൈഡുമാരും മേൽ സൂചിപ്പിച്ച പ്രകാരം ദിശ -2022 Planning Meeting ൽ പങ്കെടുക്കേണ്ടതും, പ്രിൻസിപ്പാൾമാർ മേൽ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

ഒപ്പ്/-
പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

പകർപ്പ്.

1) എല്ലാ RDDമാർക്കും
2) എല്ലാ പ്രിൻസിപ്പൾമാർക്കും
3) സി.ജി. എസി ജില്ലാ വിദ്യാഭ്യാസ ജില്ലാ ഭാരവാഹികൾക്കും
4) എല്ലാ കരിയർഗൈഡുമാർക്കും